പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 379 — 10.06.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിന് ലഭ്യമാകാനുള്ള കുടിശ്ശിക തുക

ചോദ്യം

ശ്രീമതി. കെ.എ സ്. സലീഖ :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) പൊതുമേഖല ഉൾപ്പെടെ സർക്കാർ ഓഫീസുകൾ, പഞ്ചായത്തുകൾ, ജലവിഭവ വകുപ്പ് എന്നിവരിൽ നിന്നും എന്തു തുക വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട് ; വ്യക്തമാക്കുമോ ;

(എ) 31.03.2014-ലെ കണക്കനുസരിച്ച് LT, HT/EHT വിഭാഗങ്ങളിലായി സ്റ്റേറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും 110.9 കോടി രൂപയും, സ്റ്റേറ്റ് പൊതുമേഖലാ സഹകരണ മേഖലകളിൽ നിന്നും 759.89 കോടി രൂപയും, പഞ്ചായത്തുകളിൽ നിന്നും 4.24 കോടി രൂപയും കടിശ്ശികയായുണ്ട്. വാട്ടർ അതോറിറ്റിയുടെ കടിശ്ശിക 578.13 കോടി രൂപയാണ് (വാട്ടർ അതോറിറ്റിയുടെ കടിശ്ശിക സ്റ്റേറ്റ് പൊതുമേഖലാ-സഹകരണ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു).

(ബി) ഹൈടെൻഷൻ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ബോർഡിന് കുടിശ്ശികയിനത്തിൽ എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട് ; വ്യക്തമാക്കുമോ ;

(ബി) LT, HT/EHT വിഭാഗങ്ങളിലായി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.03.2014 ലെ കണക്ക് പ്രകാരം 584.01 കോടി രൂപ കടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) മറ്റു സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളും പ്രസരണ സ്ഥാപനങ്ങളും കുടിശ്ശികയിനത്തിൽ എന്ത് തുക ബോർഡിന് നൽകാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇന്റർസ്റ്റേറ്റ് വിഭാഗത്തിൽ 31.03.2014 ലെ കണക്ക് പ്രകാരം 5.11 കോടി രൂപ കടിശ്ശികയുണ്ട്.

(ഡി) സംസ്ഥാനത്തിനകത്ത് വൈദ്യുതി ബോർഡിന്റെ ലൈസൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചു തീർക്കാനുള്ളത് എത്ര രൂപയുടെ കുടിശ്ശികയാണ് ; വ്യക്തമാക്കുമോ ;

(ഡി) 31.03.2014 ലെ കണക്ക് പ്രകാരം ലൈസൻസികൾക്ക് 15.16 കോടി രൂപ കടിശ്ശികയുണ്ട്.

(ഇ) വൈദ്യുതി ബോർഡും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും തമ്മിൽ നിലവിൽ എത്ര രൂപയുടെ തർക്കമുണ്ട് ; വിശദമാക്കുമോ ,

(ഇ) വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് LT വിഭാഗത്തിൽ 45.3 കോടി രൂപയും HT/EHT വിഭാഗത്തിൽ 307.53 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നിലവിലുണ്ട്.

(എഫ്) വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ എത്രയെണ്ണം പൂട്ടിപ്പോയിട്ടുണ്ട് ; ആയതു വഴി എന്തു തുക കുടിശ്ശികയിനത്തിൽ കിട്ടാനുണ്ട് ; വ്യക്തമാക്കുമോ ;

(എഫ്) നിലവിൽ പൂട്ടിപ്പോയ സ്ഥാപനങ്ങൾ 286 എണ്ണം ആണ്. അവയിൽ നിന്നും 192 കോടി രൂപ കുടിശ്ശിക ഇനത്തിൽ കിട്ടാനുണ്ട്. ടി തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ആകെ തുക എത്ര രൂപയാണ് ; ആയത് ഇപ്പോൾ എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ജി) 31.03.2011 ലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ LT, HT/EHT വിഭാഗത്തിലായി 1191.01 കോടി രൂപയും 31.03.2014 ലെ കണക്ക് പ്രകാരം 1502.42 കോടി രൂപയും കുടിശ്ശികയായുണ്ട് (ലിസ്റ്റ് അടക്കം ചെയ്തിരിക്കുന്നു).

(എച്ച്) ഇപ്രകാരം കുടിശ്ശികയിനത്തിലുള്ള കോടിക്കണക്കിന് വരുന്ന തുക പിരിച്ചെടുക്കുന്നതിന് പകരം വൈദ്യുതി ബോർഡ് നിരക്കു കൂട്ടൽ നീക്കവുമായി മുന്നോട്ടു പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും വിശദാംശം ലഭ്യമാക്കുമോ ?

(എച്ച്) (1) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പൂർണ്ണാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി ബോർഡിന്റെ വരവു ചെലവു കണക്കുകളും, റവന്യൂ കമ്മിയും റെഗുലേറ്ററി കമ്മീഷനാണ് അംഗീകരിക്കുന്നത്. കൂടാതെ ബോർഡിന്റെ അക്കൌണ്ടുകൾ Comptroller & Auditor General ആണ് അഡിറ്റ് ചെയ്ത് അംഗീകരിക്കുന്നത്.

(2) വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ തനതു വർഷം റവന്യൂ കമ്മിയുണ്ടെങ്കിൽ അതു നികത്തുവാൻ നിലവിലുള്ള നിയമങ്ങൾ പ്രകാരം, വൈദ്യുതി ബോർഡ് താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടില്ലെങ്കിൽ കൂടി സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ബാദ്ധ്യസ്ഥമാണ്.

(3) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നത് Accrual Basis – ൽ ആണ്. അതായത് ഒരു ഉപഭോക്താവിന്റെ ബില്ല് നൽകുമ്പോൾ തന്നെ, ടി തുക

വരുമാനമായി ബോർഡിന് ലഭിച്ചുവെന്നുള്ള അനുമാനത്തിൽ തന്നെയാണ് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന്റെ വരവ് അംഗീകരിക്കുന്നത്. C & AG ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്ത് അംഗീകരിക്കുന്നതും മേൽപ്പറഞ്ഞ രീതിയിൽ തന്നെയാണ്.

(4) അതായത്, വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കുടിശ്ശിക മുഴുവനും, നിലവിൽ ബോർഡ് പിരിച്ചെടുത്തുവെന്ന് കണക്കാക്കിയാണ് കമ്മീഷൻ നാളിതുവരെ ബോർഡിന്റെ വരുമാനം കണക്കാക്കിയിട്ടുള്ളതും, തുടർന്നും നിലവിലെ നിയമപ്രകാരം കണക്കുകൾ അംഗീകരിക്കുന്നതും. അതിനാൽ വൈദ്യുതി കുടിശ്ശിക പിരിച്ചെടുത്താലും ഇല്ലെങ്കിലും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന വരവിലോ, റവന്യൂ കമ്മിയിലോ വ്യത്യാസം ഉണ്ടാകുകയില്ല.

(5) എന്നാൽ, കമ്മീഷൻ വരുമാനമായി കണക്കാക്കിയ തുക സമയബന്ധിതമായി പിരിക്കാതിരുന്നാൽ അത് വൈദ്യുതി ബോർഡിന്റെ കാഷ് ഫ്ലോയെ സാരമായി ബാധിക്കും. ആയതിനാൽ, വൈദ്യുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് താഴെ പറയുന്ന സത്വര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു.

- വൈദ്യുതി ബന്ധം വിച്ഛേദിക്കൽ.
- ഒറ്റത്തവണ തീർപ്പാക്കൽ.
- തവണ വ്യവസ്ഥ അനുവദിക്കൽ.
- റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**